പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3554 08.11.2019-ലെ മറുപടിക്ക്

**കരുനാഗപ്പള്ളി മിനി സിവിൽസ്റ്റേഷനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകൾ**

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നഗരത്തിൽ മിനി സിവിൽസ്റ്റേഷനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകൾ കാലപ്പഴക്കം ചെന്ന് യഥാവിധി പ്രവർത്തിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ). | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേടായ ക്യാമറകൾ സംബന്ധിച്ച് പോലീസ് വകുപ്പിൽ നിന്നും റോഡ് സുരക്ഷാ അതോറിറ്റി മുമ്പാകെ സമർപ്പിച്ച ആന്വൽ മെയിന്റനൻസ് പ്രൊപ്പോസലിൽ പ്രസ്തുത സിഗ്നൽ ലൈറ്റും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയാണ് ഇതു സ്ഥാപിച്ചതെന്നും, ആരുടെ നിയന്ത്രണത്തിലാണ് ഇത് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രൈവറ്റ് ഏജൻസി മുഖേനയാണ് ടി സിഗ്നൽ ലൈറ്റ് സ്ഥാപിച്ചത്. |
| (സി) | പ്രസ്തുത ലൈറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | പോലീസ് വകുപ്പിൽ നിന്നും ലഭ്യമായ, കേടായ ക്യാമറകളുടെ തകരാറ് പരിഹരിക്കേണ്ട ആന്വൽ മെയിന്റനൻസ് പ്രൊപ്പോസലിൽ, പോലീസ് കരുനാഗപ്പള്ളി ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറയും ഉൾപ്പെട്ടിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റി പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, സംസ്ഥാനം മുഴുവൻ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റ് തകരാർ പരിഹരിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോസ്റ്റായി 4,78,01,309/-രൂപ 34-ാമത് കേരള റോഡ് സേഫ്റ്റി മീറ്റിംഗ് അംഗീകരിക്കുകയും ആദ്യ ഗഡുവായി 1 കോടി രൂപ 22/12/2018 ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സിഗ്നൽ ലൈറ്റ് മെയിന്റനൻസ് നടത്തി തകരാർ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ കൊല്ലം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി സിഗ്നൽ മാറ്റി സ്ഥാപിക്കുവാൻ പ്രൊപ്പോസൽ ലഭ്യമാവുകയാണെങ്കിൽ ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**